# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4528 — 22.07.2015-ൽ മറുപടിയ്ക്ക്

## കണ്ടൽ വനങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

എ) കേരളത്തിൽ എത്ര ഹെക്ടർ കണ്ടൽ വനങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

എ) അടുത്തകാലത്തായി കേരളത്തിൽ എത്ര ഹെക്ടർ കണ്ടൽ വനങ്ങളുണ്ടെന്നുള്ള പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 1671 ഹെക്ടർ കണ്ടൽ വനങ്ങളുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഹെക്ടർ |
|---|---|
| തിരുവനന്തപുരം | 23 |
| കൊല്ലം | 58 |
| ആലപ്പുഴ | 90 |
| കോട്ടയം | 80 |
| എറണാകുളം | 260 |
| തൃശ്ശൂർ | 21 |
| മലപ്പുറം | 12 |
| കോഴിക്കോട് | 293 |
| കണ്ണൂർ | 755 |
| കാസർഗോഡ് | 79 |
| ആകെ | **1671** |

ബി) കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

ബി) കണ്ടൽ വനങ്ങളുടെ പാരിസ്ഥികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും അവ പൊതു

ജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ച നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗരേഖയുടെ അടിസ്ഥാനത്തിൽ ഓരേക്കറിന് 4000/ രൂപ പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സ്വഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യ - ത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ ആണ് വനം വകുപ്പ് കണ്ടൽ കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്.

| | | | |
|---|---|---|---|
| സി) | നശിപ്പിക്കപ്പെട്ട കണ്ടൽ വനങ്ങൾ വീണ്ടെടുക്കുന്നതിനും പുനഃസൃഷ്ടിക്കുന്നതിനുമായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വീണ്ടെടുത്ത ഭൂമി എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സി) | ഇല്ല. |
| ഡി | കടലാക്രമണ പ്രതിരോധത്തിന് കണ്ടൽ വച്ചുപിടിപ്പിക്കാനാവുന്ന മേഖലകളിൽ അവ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി | കടലാക്രമേണ പ്രതിരോധത്തിന് കണ്ടൽ വച്ചുപിടിപ്പിക്കാനാവുന്ന മേഖലകളിൽ അവ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ